D2/6985/23/RIT

പ്രിൻസിപ്പാളുടെ കാര്യാലയം
രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കോട്ടയം
11.03.2024

## <u>പുനർ ലേല പരസ്യം</u>

കോട്ടയം രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ക്യാമ്പസിലെ വിവിധ ഭാഗങ്ങളിലായി കെട്ടിടങ്ങളോട് ചേർന്ന് ഉണങ്ങി നില്ക്കുന്നതും അപകടകരമായി നില്ക്കുന്നതുമായ 7 പാഴ് മരങ്ങൾ ( പൂവാക -2, കിളിഞ്ഞിൽ -1, (ഇരുകവരകളായി തിരിഞ്ഞത്), വട്ട-1, തിരിച്ചറിയാൻ പറ്റാത്ത മരങ്ങൾ -3) 21 .03 .2024 ന ഉച്ചകഴിഞ്ഞ് 2 മണിക്ക് പരസ്യലേലം വഴി വിൽക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ലേലത്തിന് ചുവടെ കൊടുത്തിരിക്കുന്ന നിബന്ധനകൾ ഉണ്ടായിരിക്കുന്നതാണ്.

1. ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ അന്നേദിവസം ലേലം തുടങ്ങുന്നതിനു മുൻപായി ഐഡന്റിറ്റി തെളിയിക്കുന്ന രേഖ സഹിതം ഭരണ നിർവഹണ വിഭാഗം കെട്ടിടത്തിൽ യഥാ സമയം ഹാജരാകേണ്ടതും Rs 1,000/- ആയിരം രൂപാ മാത്രം) നിരതദ്രവ്യമായി കെട്ടിവയ്ക്കേണ്ടതുമാണ്.
2. നിബന്ധനകൾക്ക് വിധേയമായി ഏറ്റവും ഉയർന്ന തുകയ്ക്ക് ലേലം കൊള്ളുന്നയാൾക്ക് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി നൽകുന്നതാണ്.
3. ലേലം താൽക്കാലികമായി ഉറപ്പിച്ചുകഴിഞ്ഞാൽ ഒന്നും രണ്ടും സ്ഥാനക്കാരുടെ നിരതദ്രവ്യ തുക പിടിച്ചുവയ്ക്കുന്നതും ഒന്നാം സ്ഥാനക്കാരന്റെ ലേലം അംഗീകരിച്ചശേഷം മാത്രം രണ്ടാം സ്ഥാനക്കാരന്റെ നിരതദ്രവ്യ തുക തിരികെ നൽകുന്നതുമാണ്.
4. ലേലം വിളിച്ചെടുത്തയാൾ ലേലത്തുക, ലേലത്തുകയുടെ 5.25% തുക വനവികസന നികുതി, ലേലത്തുകയുടെ 18% ജി.എസ്.റ്റി. ഇവ ഉൾപ്പെടെയുള്ള തുക അന്നേദിവസം തന്നെ ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്.
5. ഇതിൽ വീഴ്ച വരുത്തുന്നപക്ഷം മറ്റൊരു അറിയിപ്പ് കൂടാതെ ലേലം റദ്ദ് ചെയ്യുന്നതും ഇതുമൂലമുണ്ടാകുന്ന നഷ്ടങ്ങൾ നിരതദ്രവ്യ തുകയിൽനിന്നും ഈടാക്കുന്നതുമായിരിക്കും.
6. ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി ഏഴ് ദിവസത്തിനകം ലേലത്തിൽ ഉൾപ്പെട്ട എല്ലാ മരങ്ങളും ടിയാൾ സ്വന്തം ചെലവിൽ , സ്ഥാപനത്തിന്റെ സ്ഥാവര ജംഗമ വസ്തുക്കൾക്ക് കഷ്ട നഷ്ടങ്ങൾ വരുത്താതെ , കോളേജ് ക്യാംപസിൽനിന്നും നീക്കം ചെയ്യേണ്ടതാണ്.
7. ലേലം സ്ഥിരപ്പെടുത്തുന്നതിനോ മാറ്റിവയ്ക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.
8. ലേലദിവസം ഏതെങ്കിലും കാരണത്താൽ ഓഫീസിന് അവധി ആയാൽ തൊട്ടടുത്ത പ്രവർത്തി ദിനം ലേലം നടത്തുന്നതായിരിക്കും
9. ലേലം പിടിച്ച മരങ്ങൾ ഓഫീസ് സമയത്തിനുള്ളിൽ (9 am to 4 pm ) വെട്ടിക്കൊണ്ടു പോകേണ്ടതാണ്.
10. സർക്കാരിന്റെ ലേല സംബന്ധമായ എല്ലാ വ്യവസ്ഥകളും ഈ ലേലത്തിനും ബാധകമായിരിക്കും.

Dr. Prince A
പ്രിൻസിപ്പൾ

PRINCIPAL
RAJIV GANDHI INSTITUTE OF TECHNOLOGY
VELLOOR, KOTTAYAM
KERALA

പകർപ്പ്

1. ഓഫീസ് നോട്ടീസ് ബോർഡ്
2. ഗ്രാമ പഞ്ചായത്താഫീസ് , പാമ്പാടി
3. വില്ലേജ് ഓഫീസ്, പാമ്പാടി
4. സബ്ട്രഷറി ഓഫീസ് , പാമ്പാടി
5. കരുതൽ ഫയൽ

Approved by Principal on 11-Mar-2024 02:42 PM - Page 1